"ഭരണഭാഷ മാതൃഭാഷ"

നമ്പർ ക്യു4/102538/2014/കോ:വി:വ:

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, വികാസ് ഭവൻ
തിരുവനന്തപുരം -33
തീയതി: 17/09/2014

## വിജ്ഞാപനം

കോളേജ് വിദ്യാഭ്യാസവകുപ്പ് 2014-2015-ലെ ഹിന്ദി സ്കോളർഷിപ്പ് (പുതിയത്) അപേക്ഷ ക്ഷണിക്കുന്നു.

2014 മാർച്ചിൽ +2 സംസ്ഥാന സിലബസിൽ പഠിച്ച് 60% മാർക്കോടു കൂടി ആദ്യ അവസരത്തിൽ തന്നെ പാസ്സായശ്ശേഷം ബി.എ/ബിഎസ്.സി/ബി.കോം. കോഴ്സിന് ഒന്നാം വർഷം പ്രവേശനം നേടിയവരിൽ നിന്നും ബിരുദ പരീക്ഷ 60% മാർക്കോടുകൂടി പാസ്സായ ശേഷം ബിരുദാനന്തര കോഴ്സുകൾക്ക് സർക്കാർ/എയ്ഡഡ് സ്ഥാപനങ്ങളിലും യൂണിവേഴ്സിറ്റി ഡിപ്പാർട്ടുമെന്റുകളിലും ഈ വർഷം പ്രവേശനം നേടിയവരിൽ നിന്നും 2014-15 വർഷത്തേയ്ക്കുള്ള ഹിന്ദി സ്കോളർഷിപ്പിനുള്ള പുതിയ അപേക്ഷ ഓൺലൈൻവഴി ക്ഷണിക്കുന്നു. അപേക്ഷകർ ഹിന്ദി ഒരു വിഷയമായി പഠിച്ചിരിക്കണം. അഹിന്ദി സംസ്ഥാനങ്ങളിൽ ഹിന്ദി പ്രചരിപ്പിക്കുന്നതിനുള്ള കേന്ദ്രസർക്കാർ സ്കോളർഷിപ്പാണ് ഇത്. അപേക്ഷകൾ കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ സ്കോളർഷിപ്പ് വെബ്സൈറ്റായ **www.dcescholarship.kerala.gov.in** ൽ **Hindi Scholarship (HS)** എന്ന ലിങ്കിൽ ക്ലിക് ചെയ്ത് 22/09/2014 തീയതി മുതൽ ഓൺലൈൻ വഴി അപേക്ഷ സമർപ്പിക്കാം.

1. യോഗ്യതകൾ

1) ഹിന്ദി ഒരു വിഷയമായി ബിഎ/ബിഎസ്.സി/ബി.കോം ബിരുദം/ എം.എ/ ബി.എഡ് (ഹിന്ദി)/ എം.എഡ് (ഹിന്ദി), എം.ഫിൽ, പി.എച്ച്.ഡി. എന്നീ കോഴ്സിന്റെ ഒന്നാം വർഷ പ്രവേശനം ലഭിച്ചവർക്കും അപേക്ഷിക്കാം.

2) കേരള ഹിന്ദി പ്രചാരസഭ നടത്തുന്ന ബിരുദ ബിരുദാനന്തര ഫുൾടൈം കോഴ്സുകൾക്ക് ഒന്നാം വർഷപ്രവേശനം ലഭിച്ച വിദ്യാർത്ഥികൾക്കും,അപേക്ഷിക്കാം.

3)അപേക്ഷകർ ഒന്നാമത്തെ ചാൻസിൽ തന്നെ യോഗ്യതാ പരീക്ഷ പാസ്സായവരായിരിക്കണം.

4) 2013-14 വർഷം യോഗ്യതാ പരീക്ഷ പാസ്സായവരുടെ അപേക്ഷകൾ മാത്രമേ പരിഗണിക്കുകയുള്ളൂ.

2. സ്കോളർഷിപ്പ് തുക

| കോഴ്സ് | സ്കോളർഷിപ്പ് തുക/ | സ്കോളർഷിപ്പ് എണ്ണം |
|---|---|---|
| ബിരുദം | 500/- PM | 180 |
| ഹിന്ദി എം.എ/എം.ഫിൽ/പി.എച്ച്.ഡി/ബി.എഡ്/ എം.എഡ് | 1000/-PM | 59 |
| ആകെ | | 239 |

3) വരുമാനപരിധി ഇല്ല

4) ബന്ധപ്പെട്ട മറ്റു വിവരങ്ങൾ

1)അപേക്ഷകർക്ക് IFSC കോഡുള്ള നാഷണലിസ്റ്റ്/ഷെഡ്യൂൾഡ്/കൊമേഴ്സ്യൽ എന്നിവയിൽ ഏതെങ്കിലും ഒരു ബാങ്കിൽ സ്വന്തം പേരിൽ അക്കൗണ്ട് ഉണ്ടായിരിക്കണം. രക്ഷകർത്താവുമായി ചേർന്നുള്ള മൈനർ അക്കൗണ്ടുള്ളവർ സ്വന്തം പേരിൽ മാത്രമായുള്ള മേജർ അക്കൗണ്ടായി മാറ്റേണ്ടതാണ്. അപേക്ഷ ഓൺലൈനായി സമർപ്പിക്കുമ്പോൾ അക്കൗണ്ട് ലൈവ് ആയിരിക്കേണ്ടതാണ്.

2) ആധാർ നമ്പർ/ആധാർ എന്റോൾമെന്റ് നമ്പർ ബാങ്ക് അക്കൗണ്ടുമായി ലിങ്ക് ചെയ്തിരിക്കണം.

3) അപേക്ഷകർ കേരളത്തിലെ സ്ഥിരതാമസക്കാരായിരിക്കണം.

4) സ്കോളർഷിപ്പ് ഒരു കോഴ്സിന് ആദ്യ വർഷം അനുവദിച്ചാൽ ആ കോഴ്സ് തീരുന്നതുവരെ വർഷം തോറും പുതുകി നൽകുന്നു തുടർന്നുള്ള വർഷങ്ങളിൽ സ്കോളർഷിപ്പ് പുതുക്കുന്നതിന് വിദ്യാർത്ഥി അതതുവർഷങ്ങളിൽ പുറപ്പെടുവിക്കുന്ന വിജ്ഞാപനപ്രകാരം അപേക്ഷ സമർപ്പിക്കേണ്ടതാണ്.

4) മറ്റു സ്കോളർഷിപ്പ്/ഫിസ് ആനുകൂല്യം ലഭിക്കുന്നവർക്കും ഈ സ്കോളർഷിപ്പിന് അപേക്ഷിക്കാവുന്നതാണ്.

5. <u>അപേക്ഷിക്കേണ്ട രീതി</u>

(എ)അപേക്ഷകൾ ഓൺലൈനായി **22/09/2014** മുതൽ സമർപ്പിക്കാവുന്നതാണ്.ഇതിനായി

1) **<u>www.dcescholarship</u> kerala gov.in** എന്ന വെബ്സൈറ്റിൽ **Hindi Scholarship (HS)** എന്ന ലിങ്കിൽ ക്ലിക് ചെയ്യുക.

2) **Apply online**-ൽ ക്ലിക് ചെയ്യുക

3) മറ്റു സകോളർഷിപ്പിനായി മുൻപ് രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിൽ അതിന്റെ വിവരങ്ങൾ വച്ച് **Candidate login** ചെയ്യുക

4) അല്ലെങ്കിൽ **New registration**-ൽ ക്ലിക്ക് ചെയ്ത് **submit click** ചെയ്യുക

5) സ്കോളർഷിപ്പ് പേജിൽ **HS** എന്ന **Tab**-ൽ ക്ലിക്ക് ചെയ്യുക.

6) നൽകിയ വിവരങ്ങൾ ശരിയെങ്കിൽ വീണ്ടും **submit** ക്ലിക്ക് ചെയ്യുക

(ബി) ഓൺലൈനിലൂടെ അപേക്ഷ നൽകിയതിനുശേഷം **View/ print Application** ക്ലിക്ക് ചെയ്ത രജിസ്ട്രേഷൻ ഫോമിന്റെ പ്രിന്റൗട്ട് എടുത്തിരിക്കണം.

1. രജിസ്ട്രേഷൻ ഫോമിന്റെ പ്രിന്റൗട്ട് ഭാഗം 5-ൽ പറയുന്ന രേഖകൾ സഹിതം വിദ്യാർത്ഥി ഇപ്പോൾ പഠിക്കുന്ന സ്ഥാപന മേധാവിക്ക് സമർപ്പിക്കേണ്ടതാണ്.

2.വിദ്യാർത്ഥി സമർപ്പിക്കുന്ന രേഖകളും, രജിസ്ട്രേഷൻപ്രിന്റൗട്ടും ഓൺലൈൻ വഴി സ്ഥാപന മേധാവിയോ (പ്രിൻസിപ്പാളോ/യൂണിവേഴ്സിറ്റികളിലെ വകുപ്പ് മേധാവികളോ) അദ്ദേഹം ചുമതലപ്പെടുത്തിയിരിക്കുന്ന ഉദ്യോഗസ്ഥനോ

പരിശോധിക്കേണ്ടതാണ്. (വെരിഫിക്കേഷൻ)

3. സൂക്ഷമ പരിശോധന നടത്തിക്കഴിഞ്ഞ അപേക്ഷകൾ സ്ഥാപനമേധാവി (പ്രിൻസിപ്പാളോ/യൂണിവേഴ്സിറ്റികളിലെ വകുപ്പ് മേധാവികളോ) ഓൺലൈൻ വഴി അംഗീകരിച്ചിരിക്കണം (അപ്രൂവൽ)

4. അപേക്ഷകൾ അതാതു സ്ഥാപനങ്ങളിൽതന്നെ സൂക്ഷിക്കേണ്ടതാണ്. കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ സ്കോളർഷിപ്പ് ഇൻസ്പെക്ഷൻ ടീമിന്റെ പരിശോധനയ്ക്ക് ഇവ വിധേയമാക്കേണ്ടതാണ്.

6. സ്ഥാപന മേധാവിയ്ക്ക് സമർപ്പിക്കേണ്ട രേഖകൾ

1. അപേക്ഷകരുടെ ഫോട്ടോ പതിച്ച രജിസ്ട്രേഷൻ പ്രിന്റൌട്ട്.
2. യോഗ്യതാ പരീക്ഷയുടെ മാർക്ക് ലിസ്റ്റിന്റെ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ്
3. എസ്.എസ്.എൽ.സി. മാർക്ക് ലിസ്റ്റിന്റെ ഗസറ്റസ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ്
4. നേറ്റിവിറ്റി സർട്ടിഫിക്കറ്റ് (ഒറിജിനൽ)
5. വരുമാന സർട്ടിഫിക്കറ്റ്
6. അപേക്ഷകരുടെ സ്വന്തം പേരിലുള്ള ബാങ്ക് പാസ്സ് ബുക്കിന്റെ ഒന്നാമത്തെ പേജിന്റെ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ് (പേര്, അക്കൗണ്ട് നമ്പർ, ബ്രാഞ്ച് കോഡ്, ബ്രാഞ്ചിന്റെ അഡ്രസ് എന്നിവ ഉൾപ്പെടുത്തിയിരിക്കണം.

7. സ്ഥാപന മേധാവി (പ്രിൻസിപ്പാൾ/യൂണിവേഴ്സിറ്റികളിലെ വകുപ്പ് മേധാവികൾ)ളുടെ ശ്രദ്ധയ്ക്ക്

എ) വിദ്യാർത്ഥി സമർപ്പിക്കുന്ന രേഖകളും രജിസ്ട്രേഷൻ പ്രിന്റൌട്ടും ഓൺലൈൻ വഴി സ്ഥാപനമേധാവിയോ അദ്ദേഹം ചുമതലപ്പെടുത്തിയിരിക്കുന്ന ഉദ്യോഗസ്ഥനോ പരിശോധിക്കേണ്ടതാണ്.

ബി) സൂഷ്മ പരിശോധന നടത്തികഴിഞ്ഞ അപേക്ഷകൾ സ്ഥാപനമേധാവി ഓൺലൈൻ വഴി അംഗീകരിച്ചിരിക്കണം (അപ്രൂവൽ)

സി) എല്ലാ രേഖകളുടേയും നിജസ്ഥിതി സ്ഥാപനമേധാവി (പ്രിൻസിപ്പാൾ/യൂണിവേഴ്സിറ്റികളിലെ വകുപ്പ് മേധാവി) ഉറപ്പു വരുത്തേണ്ടതാണ്.

ഡി) ഖണ്ഡിക 4 അനുസരിച്ച് വിദ്യാർത്ഥികൾ രേഖപ്പെടുത്തിയ ബാങ്ക് അക്കൗണ്ട് സംബന്ധമായ രേഖകൾ ശരിയാണോ എന്നു പരിശോധിച്ച് സ്ഥാപനമേധാവി ഉറപ്പ് വരുത്തേണ്ടതാണ്.

ഇ) വിജ്ഞാപനത്തിലെ നിശ്ചിത തീയതിക്കകം സ്ഥാപനമേധാവി അപേക്ഷകൾ വെരിഫൈ ചെയ്ത് അംഗീകരിച്ചിരിക്കണം. ഇതിൽ വീഴ്ച വരുത്തിയാൽ സ്ഥാപനമേധാവികൾ അതിന് ഉത്തരവാദിയായിരിക്കും.

8. അവസാന തീയതികൾ

1. ഓൺലൈനായി അപേക്ഷ രജിസ്റ്റർ ചെയ്യേണ്ട അവസാന തീയതി 21/10/2014
2. ഓൺലൈൻ രജിസ്ട്രേഷൻ പ്രിന്റൗട്ടും അനുബന്ധ രേഖകളും സ്ഥാപനമേധാവിക്ക് സമർപ്പിക്കേണ്ട തീയതി 31/10/2014.
3. സ്ഥാപന മേധാവി സൂക്ഷ്മ പരിശോധന നടത്തി ഓൺലൈൻ ആയി അപ്രൂവൽ നൽകേണ്ട തീയതി 12/11/2014

സ്കോളർഷിപ്പ് സ്പെഷ്യൽ ഓഫീസർ